മ്യൂസിയങ്ങൾ

അവധിക്കാലത്ത് യാത്രപോകുമ്പോൾ തീർച്ചയായും ഒരു മ്യൂസിയമെങ്കിലും സന്ദർശിച്ചിരിക്കണം. ചരിത്രമുറങ്ങുന്ന ഇടമാണ് മ്യൂസിയം. നമ്മുടെ കഴിഞ്ഞകാലത്തെക്കുറിച്ചുള്ള സ്മാരകങ്ങളാണ് ഓരോ മ്യൂസിയവും. കേരളത്തിലെ ഏതാനും ചില മ്യൂസിയങ്ങളെ കുറിച്ച് നമുക്ക് നോക്കാം.

- തയ്യാറാക്കിയത്: സജിനി. ജി

നേപ്പിയർ മ്യൂസിയം

കേരളത്തിലെ ആദ്യത്തെ മ്യൂസിയം. തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്നു. 1850കളിൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവായിരുന്ന ഉത്രം തിരുനാളാണ്മ്യൂസിയം തുടങ്ങാൻമുൻകൈയെടുത്തത്. പഴയകാലത്തെ പ്രതിമകൾ, ശില്പങ്ങൾ, ആനക്കൊമ്പിൽ തീർത്ത ശില്പങ്ങൾ, ആഭരണങ്ങൾ, പണ്ട് അമ്പലങ്ങളിൽ ഉപയോഗിച്ചിരുന്ന രഥം എന്നിങ്ങനെ നിരവധി വസ്തുക്കളുണ്ട്.

ചരിത്ര പൈതൃക മ്യൂസിയം

നേപിയർ മ്യൂസിയത്തിന് മുൻപിൽ സ്ഥാപിച്ചിരിക്കുന്നു. ചരിത്രാതീതകാലം മുതലുള്ള വസ്തുക്കൾ ഇവിടെ കാണാം. ശിലാശ്രുപങ്ങൾ, വിഗ്രഹങ്ങൾ, മനുഷ്യർ ഉപയോഗിച്ചിരുന്ന വസ്തുക്കൾ എന്നിവ കാണാം. പല നൂറ്റാണ്ടുകളിലൂടെ കാലചരിത്രം കാണാൻ സാധിക്കുന്ന ഇവിടം ചരിത്രതല്പരർ തീർച്ചയായും സന്ദർശിക്കേണ്ട ഇടമാണ്.

ഹിൽപാലസ് മ്യൂസിയം

തൃപ്പൂണിത്തുറയിലാണിത്. കൊച്ചി രാജവംശത്തിന്റെ കൊട്ടാരമായിരുന്നു ഹിൽപാലസ്. പിന്നീടത് കേരള പുരാവസ്തുവകുപ്പ് ഏറ്റെടുത്ത് മ്യൂസിയമാക്കിയതാണ്. രാജവംശം ഉപയോഗിച്ചിരുന്ന ഉപകരണങ്ങൾ, ആഭരണങ്ങൾ, നാണയങ്ങൾ എന്നിവയൊക്കെ സംരക്ഷിച്ചിരിക്കുന്നു. രാജകീയ സിംഹാസനം സ്വർണകിരീടം എന്നിവയും കാണാം. ഇതിനോടൊപ്പം തന്നെ മനോഹരമായ പൂന്തോട്ടം, മാൻപാർക്ക് എന്നിവയുമുണ്ട്.

മട്ടാഞ്ചേരി പാലസ് മ്യൂസിയം

1555ൽ പോർച്ചുഗീസുകാർ നിർമ്മിച്ച കൊട്ടാരം. പിന്നീടിത് ഡച്ചുകാർ സ്വന്തമാക്കി പുതുക്കിപ്പണിതു. 'ഡച്ച് പാലസ്' എന്നും പറയും. ഏറ്റവും പഴയ പാലസ് മ്യൂസിയമാണിത്. കൊച്ചി രാജവംശത്തിന്റെ ഓർമ്മകൾ ഇവിടെ കാണാം. രാമായണത്തെ ആസ്പദമാക്കി ചുവർ ചിത്രങ്ങളുണ്ട്. കേരളത്തിൽ ആർക്കിയോളജിക്കൽ സർവേ ഒഫ് ഇന്ത്യയുടെ കീഴിലുള്ള ഏക മ്യൂസിയം.

തേക്ക് മ്യൂസിയം

മലപ്പുറത്തെ നിലമ്പൂരിൽ സ്ഥിതിചെയ്യുന്നു. ഇന്ത്യയിൽ സ്ഥിതിചെയ്യുന്ന ഒരേയൊരു തേക്ക് മ്യൂസിയമാണിത്. ഇത് കേരള വനഗവേഷണ കേന്ദ്രത്തിന്റെ മേൽനോട്ടത്തിലാണ്. തേക്കിനെക്കുറിച്ചുള്ള വിവരങ്ങൾ, നമുക്കിവിടെ നിന്നും മനസിലാക്കാം. തേക്കിൽ തീർത്ത ശില്പങ്ങൾ, പലതരം തേക്കുകൾ, തേക്കിൻ തടികൾ എന്നിവ കാണാം.

ഗോത്രവർഗ മ്യൂസിയം

തേക്കടിയിലാണിത്. കേരളത്തിലെ ആദിവാസികളുടെ സംസ്കാരം ജീവിതരീതികൾ, ആചാരങ്ങൾ എന്നിങ്ങനെയുള്ള പലതും ഇവിടെനിന്ന് പഠിക്കാം. ഗോത്രവർഗ കുടിലുകളിലാണ് ഈ മ്യൂസിയം.

ബാങ്കിംഗ് മ്യൂസിയം

തിരുവനന്തപുരത്ത് കവടിയാറിൽ എസ്.ബി.ഐയിൽ പ്രവർത്തിക്കുന്നു. ബാങ്കുകളുടെ ചരിത്രം മനസിലാക്കാം. പണ്ടത്തെ ചെക്കുകൾ, ലെഡ്ജറുകൾ, പാസ് ബുക്കുകൾ എന്നിവയൊക്കെ ഇവിടെയുണ്ട്.

കാർട്ടൂൺ മ്യൂസിയം

കായംകുളത്തിനടുത്ത് കൃഷ്ണപുരത്ത് സ്ഥിതിചെയ്യുന്നു. ഇത് ഇന്ത്യയിലെ തന്നെ ആദ്യത്തെ കാർട്ടൂൺ മ്യൂസിയമാണ്. പ്രശസ്ത കാർട്ടൂണിസ്റ്റ് ആർ. ശങ്കറിന്റെ പേരിലാണ്മ്യൂസിയം. കാർട്ടൂണുകൾ, ശങ്കറിന്റെ ഓർമ്മകൾ എന്നിവയിലൂടെ സഞ്ചരിക്കാം.

അറയ്ക്കൽ മ്യൂസിയം

കണ്ണൂരിലാണിത്. അറയ്ക്കൽ രാജവംശത്തിന്റെ ആസ്ഥാനം. അറയ്ക്കൽവംശത്തിലെ ചിത്രങ്ങൾ, ആയുധങ്ങൾ, ഉപകരണങ്ങൾ എന്നിവകാണാം.

കയർ മ്യൂസിയം

ആലപ്പുഴയിൽ സ്ഥിതിചെയ്യുന്നു. കയറുമായി ബന്ധപ്പെട്ട വിവരങ്ങൾ നമുക്കിവിടെനിന്നറിയാം. കയർ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു. കയർ നാരുകൾ സംസ്കരിക്കുന്ന വിധം, ഇതുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ എന്നിവ കാണാം.

കുഞ്ഞാലിമരയ്ക്കാർ മ്യൂസിയം

കോഴിക്കോട്ടെ വടകരയിൽ പ്രവർത്തിക്കുന്നു. കുഞ്ഞാലിമരയ്ക്കാരുടെ ആയുധങ്ങൾ, ജീവചരിത്രം എന്നിവ കാണാം. കുഞ്ഞാലിമരയ്ക്കാർ ഒന്നാമന്റെ പേരിലാണ് ഈ മ്യൂസിയം.

കേരള ചരിത്ര മ്യൂസിയം

ഇടപ്പള്ളിയിലാണിത്. കേരള ചരിത്രത്തെക്കുറിച്ചുള്ള വിവരങ്ങൾ ഇവിടെ നിന്നും ലഭിക്കും.

സമുദ്രജൈവ വൈവിദ്ധ്യ മ്യൂസിയം

കൊച്ചിയിലെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രവർത്തിക്കുന്നു. കടലിലെ ജൈവവൈവിദ്ധ്യം കൺനിറയെ കാണാം. ഗവേഷകർക്കും വിദ്യാർത്ഥികൾക്കും സാധാരണക്കാർക്കും അദ്ഭുതം നിറഞ്ഞതാകും കാഴ്ചകൾ.

മണ്ണ് മ്യൂസിയം

തിരുവനന്തപുരത്തെ പാറോട്ടുകോണം എന്ന സ്ഥലത്ത് കേന്ദ്ര മണ്ണ്പരിശോധന കേന്ദ്രത്തോട്അനുബന്ധമായിപ്രവർത്തിക്കുന്നു. ഏഷ്യയിലെ ആദ്യ മണ്ണ് മ്യൂസിയം. പലതരം മണ്ണുകൾ, ധാതുക്കൾ എന്നിവ പ്രദർശിപ്പിച്ചിരിക്കുന്നു. മണ്ണ് സംരക്ഷണം ജലസംരക്ഷണം എന്നിവയെക്കുറിച്ചും മനസിലാക്കാം.

ബിസിനസ് മ്യൂസിയം

കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റിൽ പ്രവർത്തിക്കുന്നു. ഇന്ത്യയുടെ വ്യാവസായിക ചരിത്രം, വ്യവസായരംഗത്തെ പ്രശസ്തർ എന്നിവ ഇവിടെ നിന്നറിയാം.

കോയിക്കൽ പാലസ് മ്യൂസിയം

തിരുവനന്തപുരത്തെ നെടുമങ്ങാട്ട് സ്ഥാപിക്കപ്പെട്ടിരിക്കുന്നു. വേണാട് രാജവംശത്തിന്റെ കൊട്ടാരമായിരുന്നു. കേരളത്തിലെ ഏറ്റവുംവലിയ നാണയശേഖരം ഇവിടെയാണ്. നിരവധിഅമൂല്യനാണയങ്ങൾ ഇവിടെയുണ്ട്. താളിയോലകൾ മുതലായ പുരാവസ്തുക്കളും പ്രദർശിപ്പിച്ചിരിക്കുന്നു.

യഥാർത്ഥ നിധി

ഒരിടത്ത് ഒരു കർഷകനും ഭാര്യയും നാലുമക്കളും ജീവിച്ചിരുന്നു. ഗ്രാമവർദ്ധൻ എന്നായിരുന്നു കർഷകന്റെ പേര്. കുറച്ചു നാളുകൾക്കുശേഷം ഭാര്യ മരിച്ചുപോയി.

ഗ്രാമവർദ്ധനും വയസായി പക്ഷേ മക്കളോ? കഴിമടിയന്മാർ. ജോലി ചെയ്യില്ല. ആ പാവംകർഷകൻമാത്രംപണിയെടുക്കണം. പാവം ഗ്രാമവർദ്ധന് ഇതിൽ വല്ലാത്ത വിഷമമുണ്ടായിരുന്നു.

ഒരുദിവസം ഗ്രാമവർദ്ധനന് പനിവന്നു കിടപ്പിലായി. ദിവസങ്ങൾ കഴിയുന്തോറും പനി കൂടിക്കൂടിവന്ന് എഴുന്നേൽക്കാൻ പറ്റാത്ത അവസ്ഥയായി. അയാൾ മക്കളെ വിളിച്ച് പറഞ്ഞു.

'ഞാനിനി അധികകാലം ജീവിച്ചിരിക്കില്ല. നിങ്ങൾക്ക് ജീവിക്കാനുള്ളത് ഞാനുണ്ടാക്കിയിട്ടുണ്ട്.'

'എവിടെയാണ് ആ സ്വത്ത്' ആകാംക്ഷയോടെ മൂത്തമകൻ ചോദിച്ചു.

വെള്ളം വേണമെന്നാവശ്യപ്പെട്ട വൃദ്ധൻ ഉത്തരം പറയുന്നതിനു മുൻപേ മരിച്ചുകഴിഞ്ഞിരുന്നു.

'വയലിന്റെ...'

ഇത് പറഞ്ഞപ്പോഴേക്കും അയാൾ മരിച്ചു. മരണാനന്തരചടങ്ങുകൾക്കുശേഷം മക്കൾ ഒരുമിച്ചിരുന്നു. സ്വത്തിനെക്കുറിച്ച് അവർ സംസാരിക്കാൻതുടങ്ങി.

എവിടെയായിരിക്കും അതുണ്ടാവുക.

'നമുക്ക് നാളെ വയൽ കിളച്ചുനോക്കാം'

മൂത്തമകൻ പറഞ്ഞു.

പിറ്റേന്ന് എല്ലാവരും കൂടി വയലിലിറങ്ങി കിളക്കാൻ തുടങ്ങി, കാരണം അച്ഛൻ തന്റെ സ്വത്തെല്ലാം വയലിൽ എവിടെയോ ആണ് കുഴിച്ചിട്ടിരിക്കുന്നത്. പക്ഷേവളരെനേരം കഴിഞ്ഞും അവർക്കൊന്നും കിട്ടിയില്ല. അവർ തിരിച്ച് വീട്ടിലെത്തി. ശക്തമായ മഴ അടുത്തദിവസം പെയ്തു.

'വയൽ ഉഴുതിരിക്കുകയല്ലേ നമുക്ക് വിത്തിട്ടാലോ?'

മൂത്തമകൻ പറഞ്ഞു.

അങ്ങനെ അവർ പത്തായത്തിലിരുന്ന വിത്തിട്ടു.. കുറച്ചുദിവസങ്ങൾക്കുശേഷം നെൽക്കതിരുകൾ കിളിർത്തുവന്നു.

അച്ഛൻ കരുതിയ നിധിയെന്തെന്ന് മക്കൾക്ക് മനസിലായി.

മണ്ടന്മാരുടെ യാത്ര

പാകിസ്ഥാനിലെ ബന്യേർ എന്ന സ്ഥലത്ത് ഏഴു മണ്ടന്മാരായ ചങ്ങാതിമാരുണ്ടായിരുന്നു. അവർ പണിയെടുക്കാൻ മിനക്കെട്ടിരുന്നില്ല. മറ്റുള്ളവരെപ്പോലെ ജീവിതത്തിൽ വിജയിക്കാൻകഴിയാത്തത് തങ്ങളുടെ നാട് ശരിയല്ലാത്തതുകൊണ്ടാണെന്ന് വിശ്വസിച്ചഅവർഅവിടംവിട്ടുപോയി. യാത്രയ്ക്കിടയിൽ അവർ ഒരു മരച്ചുവട്ടിൽ എത്തി. എല്ലാവരും കൂടെയുണ്ടോ എന്നറിയാൻ അവർ എണ്ണാൻ തുടങ്ങി. ആദ്യം ഒരാൾ എണ്ണി. ആറുപേർ! പിന്നെ മറ്റൊരാളും എണ്ണി നോക്കി ആറുപേർ. ഒരാളെ എവിടെയോ നഷ്ടമായിരിക്കുന്നു. അയാളെ കണ്ടുപിടിക്കാൻ തീരുമാനിച്ചു. അപ്പോഴാണ് അതുവഴി ഒരാട്ടിടയൻ കടന്നുപോയത്. കൂട്ടുകാർ അയാളെ കൊണ്ട് എണ്ണിപ്പിച്ചു. ആട്ടിടയൻ എണ്ണി. ഇപ്പോൾ ഏഴു പേർ! കൂട്ടുകാർക്ക് സന്തോഷമായി. കാണാതായ ഒരാളെ ആട്ടിടയൻ കണ്ടെത്തി തന്നിരിക്കുന്നു. എണ്ണിയ ആൾക്കാർ അവരെക്കൂടിഎണ്ണാൻവിട്ടുപോയതാണെന്നകാര്യം മണ്ടന്മാർ ചിന്തിച്ചില്ല. ആട്ടിടയന് ചിരിവന്നു.

'നിങ്ങൾചെയ്തഉപകാരംഞങ്ങൾ മറക്കില്ല. ഇതിനുപകരം നിങ്ങളുടെ കൃഷിയിടത്തിൽ ഒരു മാസം ഞങ്ങൾ കൂലിയില്ലാതെ പണിയെടുക്കാം,'

അവർ ആട്ടിടയനോട് പറഞ്ഞു.

സന്തോഷത്തോടെ ആട്ടിടയൻ അവരെ തന്റെ വീട്ടിലേക്ക് കൊണ്ടുപോയി. പിറ്റേദിവസം അതിലൊരാളെ വിളിച്ച് തന്റെ അമ്മയെ ശ്രുശ്രൂഷിക്കാൻ പറഞ്ഞു. മറ്റൊരാളെ തന്റെ ആട്ടുകളെ മേയ്ക്കാൻ ആവശ്യപ്പെട്ടു. ബാക്കി അഞ്ചുപേർക്കുള്ള ജോലി പിന്നെതരാംഎന്നുപറഞ്ഞ്അയാൾ യാത്രയായി.

അമ്മ ക്ഷീണിച്ച കിടക്കുന്ന വൃദ്ധയായിരുന്നു. വേനൽക്കാലത്തെ ചൂട് അവരെ അസ്വസ്ഥയാക്കി. അതിനാൽ അയാൾക്ക് സദാസമയവും അവർക്ക് വീശികൊടുക്കേണ്ടിവന്നു. ആ സമയത്താണ് ഒരീച്ച ശല്യപ്പെടുത്താൻ തുടങ്ങിയത്.

എത്രശ്രമിച്ചിട്ടും അയാൾക്ക് ഈച്ചയെ തുരത്താൻ കഴിഞ്ഞില്ല. അമ്മയുടെ മൂക്കിൽ വന്നിരുന്ന ഈച്ചയെ തുരത്താൻ ഭാരമുള്ള ഒരു കല്ലെടുത്ത് അയാൾ എറിഞ്ഞു. ഏറുകൊണ്ട് വൃദ്ധ മരിച്ചു. ഈ സമയത്ത് രണ്ടാമൻ ആട്ടുകളെ മേയാൻവിട്ട് അവയ്ക്കുട്ടത്തിരുന്ന് കൈയിൽ കരുതിയ ഭക്ഷണം കഴിക്കുകയായിരുന്നു.

ചുറ്റും കൂടിനിന്ന ആട്ടുകൾ കീഴ്ച്ചാടി ചലിപ്പിച്ച് അയാളെ ഇടയ്ക്കിടെ നോക്കിയിരുന്നു. അയവിറക്കുകയാണ് എന്ന് മനസിലാക്കാത്തഅയാൾആട്ടുകൾ തന്നെപരിഹസിക്കുകയാണെന്ന്വിചാരിച്ചു. ദേഷ്യം വന്ന അയാൾ കത്തികൊണ്ട്നാലഞ്ച്ആട്ടുകളെവെട്ടി. അവ ചത്തു. തിരികെ എത്തിയആട്ടിടയൻതനിക്ക് പറ്റിയ അബദ്ധമോർത്ത് സ്തംഭിച്ചുപോയി.

ആ സമയത്ത് മറ്റ് അഞ്ചുപേർ ആട്ടിടയനെ സമീപിച്ചു. അവരുടെ ജോലി അന്വേഷിച്ച ചെന്നതായിരുന്നു. അവിടെ നിന്നുപോവാൻ ആട്ടിടയൻ ആക്രോശിച്ചു. ചങ്ങാതിമാർ വീണ്ടും ഭാഗ്യം അന്വേഷിച്ച്നടക്കാൻതുടങ്ങി.

കുമരകം പെരുമയുമായി കോട്ടയം

ജില്ലകളിലൂടെ

- കുമരകംവിനോദസഞ്ചാരകേന്ദ്രം ലോകപ്രശസ്തമാണ്. ദേശാടനപക്ഷികളുടെ വിഹാരകേന്ദ്രമാണ് വേമ്പനാട്ട് കായലിനോട് ചേർന്ന കുമരകം.

- പാറകൾ നിറഞ്ഞതാണ് ഇല്ലിക്കൽ കല്ല്
- വൈക്കം സത്യാഗ്രഹ മ്യൂസിയം സന്ദർശിക്കാം.
- അയ്യമ്പാറ രണ്ടായിരം അടി ഉയരത്തിൽ സ്ഥിതിചെയ്യുന്നു.
- അരുവിക്കുഴി, അരുവിക്കച്ചാൽ, മാർമല എന്നിവ വെള്ളച്ചാട്ടങ്ങളാണ്.
- അഞ്ചുവിളക്ക് സ്ഥാപിച്ചിരിക്കുന്നത് ചങ്ങനാശ്ശേരിയിലാണ്.
- ഇലവീഴാപൂഞ്ചിറയിൽ നിന്ന് അസ്തമയവും ഉദയവും ആസ്വദിക്കാം
- ഭരണങ്ങാനം, മാന്നാനം എന്നിവ തീർത്ഥാടന കേന്ദ്രങ്ങളാണ്
- വൈക്കം ക്ഷേത്രം, പനച്ചിക്കാട് ക്ഷേത്രം, തിരുനക്കര ക്ഷേത്രം എന്നിവ പ്രധാന ക്ഷേത്രങ്ങളാണ്

- താഴത്തങ്ങാടി ജുമാമസ്ജിദിന് ആയിരത്തിലേറെ വർഷം പഴക്കമുണ്ട്
- പുഞ്ഞാർ കൊട്ടാരം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒന്നാണ്. ഒറ്റത്തടിയിൽ തീർത്ത എണ്ണത്തോണി ഇവിടത്തെ പ്രത്യേകതയാണ്

വടക്കുംനാഥൻ വാഴുന്ന തൃശൂർ

- ആതിരപ്പള്ളി വെള്ളച്ചാട്ടം ചാലക്കുടി പുഴയിലാണ്
- ആതിരപ്പള്ളിയോട് ചേർന്നാണ് വാഴച്ചാൽ വെള്ളച്ചാട്ടം
- ശക്തൻ തമ്പുരാൻ കൊട്ടാരം നഗരത്തിൽ വടക്കുംനാഥക്ഷേത്രത്തിനു സമീപമാണ്
- 1885ൽ സ്ഥാപിച്ചതാണ്മൃഗശാല. ഇതിനോടനുബന്ധിച്ച്ബൊട്ടാണിക്കൽഗാർഡനും ചരിത്ര, ആർട്ട്മ്യൂസിയങ്ങളുമുണ്ട്
- കേരളത്തിലെ ഏറ്റവും വലിയ ആയുർവേദ മ്യൂസിയം ഒല്ലൂരിനു സമീപം തൈക്കാട്ടുശ്ശേരിയിലാണ്
- ഇന്ത്യയിലെ ഉയരംകൂടിയ ചർച്ച്ടവർ ആണ്ബൈബിൾ ടവർ
- ചാവക്കാട് ബീച്ച്, മുനക്കൽ ബീച്ച്, സ്നേഹതീരം ബീച്ച് എന്നിവ ജില്ലയിലാണ്
- പുന്നത്തൂർകോട്ട പ്രസിദ്ധമായ ആനത്താവളമാണ്. ഗുരുവായൂരിൽ നിന്നും രണ്ട് കിലോമീറ്ററാണ് ദൂരം
- പുത്തൻപള്ളിഇന്ത്യയിലെ ഉയരംകൂടിയ ക്രിസ്ത്യൻ പള്ളിയാണ്
- കൊടുങ്ങല്ലൂർ ജുമാമസ്ജിദ് എഡി 629ൽ സ്ഥാപിക്കപ്പെട്ടതും ഇന്ത്യയിലെ ആദ്യത്തെ മുസ്ലിം പള്ളിയുമാണ്.